## CATEGORY - III

### PART - 2

### Malayalam
### Question Numbers 41 to 70

41. 'ഗൃഹം പണിയാൻ ആഗ്രഹിക്കുന്നവർ എല്ലാ പണികളുടെയും സ്വഭാവം അറിഞ്ഞിരിക്കേണ്ടുന്നതു പോലെ ഗ്രന്ഥം ഉണ്ടാക്കുവാൻ അഭ്യസിക്കുന്നവർ വാച്ചകം എഴുതുന്നതിന്റെ വകഭേദങ്ങളെല്ലാം ഗ്രഹിച്ചിരിക്കേണ്ടതാകുന്നു' - ഇങ്ങനെ അഭിപ്രായപ്പെട്ടതാര് ?
    (A) കുട്ടികൃഷ്ണ മാരാർ
    (B) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
    (C) ഏ.ആർ. രാജരാജവർമ്മ
    (D) സി.എൽ. ആന്റണി

42. കുന്ദൻ കഥാപാത്രമാകുന്ന നോവലേത് ?
    (A) അഭയാർത്ഥികൾ
    (B) മരണ സർട്ടിഫിക്കറ്റ്
    (C) ആൾക്കൂട്ടം
    (D) മരുഭൂമികൾ ഉണ്ടാകുന്നത്

43. ചുവടെ ചേർത്തിരിക്കുന്നവയിൽ കേവലവാക്യം ഏത് ?
    (A) അവൾ പുസ്തകം വായിച്ചു.
    (B) മഴ പെയ്തപ്പോൾ പുഴകൾ നിറഞ്ഞു കവിഞ്ഞൊഴുകി.
    (C) പരിസ്ഥിതിയുമായി സന്തുലിതത്വം പാലിക്കാതെ പ്രാകൃതികോർജ്ജം അമിതമായുപയോഗിക്കുന്ന ശീലം അതിനെ ശവക്കുഴി തോണ്ടുന്നതിൽ എത്തിച്ചിരിക്കുന്നു.
    (D) സാമൂഹിക ജീവിതത്തിലെ ജീർണതകൾ കാണുകയും അതിനെ തകഴി തന്റെ കഥയ്ക്ക് വിഷയമാക്കുകയും ചെയ്തു.

44. 'യൌവനം വന്നുദിച്ചിട്ടും
    ചെറുതായില്ല ചെറുപ്പം'-
    ഈ വരികളിലെ അലങ്കാരം ഏത് ?
    (A) പരിപകരം
    (B) കാവ്യലിംഗം
    (C) അനന്വയം
    (D) ദീപകം

45. ചുവടെ ചേർത്തിരിക്കുന്നവയിൽ തൽപുരുഷ സമാസത്തിൽ ഉൾപ്പെടുന്ന പദമേത് ?
    (A) ജരാനര
    (B) ലോകക്രമം
    (C) നിമീലിതലോചനൻ
    (D) പീതാംബരൻ

46. 'സിൻ' എന്ന നോവലെഴുതിയതാര് ?
    (A) ആർ. രാജശ്രീ
    (B) സാറാ ജോസഫ്
    (C) ഹരിത സാവിത്രി
    (D) ഷീല ടോമി

47. 'മരത്തിൽ നിന്ന് താഴേയ്ക്ക് ചാടി' - ഈ വാക്യത്തിലെ ദ്യോതക ശബ്ദമേത് ?
    (A) മരം
    (B) ഇൽ
    (C) നിന്ന്
    (D) ക്കു

48. 'കറുത്ത കുതിര വളരെ വേഗത്തിൽ കാട്ടിലൂടെ ഓടി' - ഈ വാക്യത്തിൽ നാമ വിശേഷണമായി ചേർത്തിരിക്കുന്ന പദമേത് ?

(A) കറുത്ത
(B) കുതിര
(C) വളരെ
(D) കാട്

49. 'കുളിക്കാതെ ഈറൻ ചുമക്കുക' - എന്ന ശൈലിയുടെ ആശയം ഏത് ?

(A) ചെയ്യേണ്ട കാര്യം മറന്നു പോകുക
(B) കുറ്റം ചെയ്തിട്ട് സമ്മതിക്കാതിരിക്കുക.
(C) അന്യരുടെ മേൽ കുറ്റം ആരോപിക്കുക.
(D) കുറ്റം ചെയ്യാതെ പിഴയേൽക്കുക.

50. ചുവടെ ചേർത്തിരിക്കുന്നവയിൽ ശരിയായ വാക്യമേത് ?

(A) മഹാകവിയുടെ ബാല്യത്തിലേ അമ്മ മരിച്ചുപോയി
(B) ഏകദേശം നൂറോളം ആളുകൾ സിനിമയ്ക്ക് പോയി
(C) നടക്കുവാനും സംസാരിക്കാനോ അയാൾക്കു കഴിഞ്ഞില്ല
(D) പെട്ടെന്നുണ്ടായ ആകസ്മിക മഴ വെള്ളപ്പൊക്കം സൃഷ്ടിക്കപ്പെട്ടു.

51. 'നിങ്ങൾ പണിയെടുക്കിൻ നാവടക്കിൻ ഞങ്ങളാകട്ടെ, യെല്ലാം ഞങ്ങൾക്കാകട്ടെ' - ഈ വരികൾ ഏതു കവിതയിൽ ?

(A) കുറത്തി
(B) നാവുമരം
(C) ശാന്ത
(D) സത്യവാങ്മൂലം

52. ചുവടെ ചേർത്തിരിക്കുന്നവയിൽ ശരിയായ പദമേത് ?

(A) രക്ഷകർത്താവ്
(B) നിച്ഛലം
(C) പ്രവർത്തി
(D) അടിമത്തം

53. അലങ്കാരങ്ങളിൽ വർണ്യവസ്തുവിനെ സൂ- പ്പിക്കാൻ ഉപയോഗിക്കുന്ന പദമേത് ?

(A) ഉപമാനം
(B) അവർണ്യം
(C) അപ്രസ്തുതം
(D) ഉപമേയം

54. കേശവദേവിന്റെ ഏത് നോവലിനാണ് കേ- സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത്

(A) അയല്ക്കാർ
(B) ഓടയിൽ നിന്ന്
(C) ഭ്രാന്താലയം
(D) കണ്ണാടി

55. 'മലയാളി ഒരു ജനിതക വായന'-എന്ന ഗ്രന്ഥം എഴുതിയതാര് ?

(A) പി. പവിത്രൻ
(B) പി.എം. ഗിരീഷ്
(C) എം.എൻ. കാരശ്ശേരി
(D) കെ. സേതുരാമൻ

56. പ്രാണവായു എന്ന ചെറുകഥ എഴുതി-യതാര് ?

(A) എൻ. പ്രഭാകരൻ
(B) പി.വി. ഷാജികുമാർ
(C) ഇ. സന്തോഷ് കുമാർ
(D) അംബികാസുതൻ മങ്ങാട്

57. ചുവടെ ചേർത്തിരിക്കുന്നവയിൽ അനു- പ്രയോഗമേത് ?

(A) അവൻ പോകട്ടെ
(B) അവൾ പറഞ്ഞുപോയി
(C) നാളെ നിങ്ങൾ വരണം
(D) പൂക്കൾ വിടരുന്നു

58. 'മനുഷ്യന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന അബോധബിംബങ്ങളാണ് ആർക്കിടൈപ്പുകൾ'- എന്ന് അഭിപ്രായപ്പെട്ടതാര് ?
(A) സി.ജി. യുങ്
(B) സിഗ്മണ്ട് ഫ്രോയ്ഡ്
(C) ലുക്കാച്ച്
(D) ഐ.എ. റിച്ചാർഡ്സ്

59. ചുവടെ ചേർത്തിരിക്കുന്നതിൽ ഓഷ്ഠ്യാക്ഷരമേത് ?
(A) ഖ
(B) ജ
(C) മ
(D) ട

60. ദ്രുഢി - എന്ന പദത്തിന്റെ അർത്ഥമെന്ത് ?
(A) പുഷ്പം
(B) ഐശ്വര്യം
(C) തേൻ
(D) നദി

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് 61 മുതൽ 65 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഡേവിഡ് എബ്രാംസ് പറയുന്നത് പാശ്ചാത്യലോകത്ത് ഭാഷയെക്കുറിച്ചുള്ള ചർച്ചകളത്രയും പ്രകൃതിയുമായി മനുഷ്യനുള്ള പാരസ്പര്യത്തെ നിഷേധിക്കാനാണ് ഉപയോഗിക്കുന്നതെന്നാണ്. മനസ്സ്-ശരീരം എന്ന ദെക്കാർത്തിയൻ വിഭക്തി, മനസ്സിന്റെ ഉല്പന്നമായ ചിന്തയെയും അതു സാധ്യമാക്കുന്ന ഭാഷയെയും യഥാർത്ഥലോകത്തു നിന്ന് അടർത്തിയെടുത്തു. പ്രകൃതിയുടെയും ജീവന്റെയും സാന്നിദ്ധ്യത്തെ നിരാകരിക്കാനും മരവിപ്പിക്കാനുമാണ് ഭാഷ ഇന്നുഉപയോഗിക്കപ്പെടുന്നത്. അതുമൂലം പ്രകൃതിയുമായുള്ള പ്രത്യക്ഷബന്ധത്തിലൂടെ നേടുന്ന ഇന്ദ്രിയാനുഭൂതികളെ അവിശ്വസിക്കാനും, ഭാഷാധിഷ്ഠിതവും അമൂർത്തവുമായ ആശയങ്ങളെ അംഗീകരിക്കാനും വ്യവസായ സംസ്കാരം നമ്മെ ശീലിപ്പിച്ചിരിക്കുന്നു. ആശയലോകത്തു മാത്രം വിഹരിക്കുന്നവരാണ് ബാഹ്യലോകവുമായുള്ള ബന്ധം നിഷേധിച്ച്, കൃതിയുടെ പാഠത്തെ സ്വയം സമ്പൂർണ്ണമായ സ്ഥലമായികണ്ട് പാഠാധിഷ്ഠിതം മാത്രമായ പഠനങ്ങൾ നടത്തുന്നത്. ക്രിയകളും പ്രതിപാദ്യവസ്തുസൂചകത്വവുമായി ഭാഷയ്ക്കുള്ള ബന്ധം അടർത്തിയെടുക്കുമ്പോൾ അത് ഉത്തരവാദിത്വരഹിതമായ ഭാഷയായി മാറുന്നു. സ്വയം പാഠമെന്ന സ്ഥലമായി മാറുന്ന ഭാഷയ്ക്ക് യഥാർത്ഥസ്ഥലവും അവിടുത്തെ സമൂഹവും മനുഷ്യരും പ്രകൃതിയുമായുള്ള ജൈവബന്ധം നഷ്ടമാകുന്നു.

61. 'പാഠാധിഷ്ഠിതം' – വിഗ്രഹിക്കുന്നതെങ്ങനെ?
(A) പാഠത്തിന്റെ അധിഷ്ഠിതം
(B) പാഠവും അധിഷ്ഠിതവും
(C) പാഠം പോലെ അധിഷ്ഠിതം
(D) പാഠത്താൽ അധിഷ്ഠിതമായത്

62. പ്രകൃതിയുടെയും ജീവന്റെയും സാന്നിധ്യത്തെ നിരാകരിക്കാനും മരവിപ്പിക്കാനും ഇന്ന് ഉപയോഗിക്കുന്നതെന്തിനെയാണ് ?
(A) മനസ്സ്
(B) ഭാഷ
(C) ചിന്ത
(D) ആശയങ്ങൾ

63. പാശ്ചാത്യലോകത്തെ ഭാഷാചർച്ചകൾ എന്തിനെക്കുറിച്ചാണ് ?
(A) പ്രകൃതി സംരക്ഷണത്തെക്കുറിച്ച്
(B) ഭാഷയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ച്
(C) പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യ നിഷേധത്തെക്കുറിച്ച്
(D) പ്രകൃതിയുടെ പാരസ്പര്യ നിഷേധത്തെക്കുറിച്ച്

64. യഥാർത്ഥ സ്ഥലവും അവിടുത്തെ സമൂഹ-വും മനുഷ്യരും പ്രകൃതിയുമായുള്ള ജൈവ ബന്ധവും നഷ്ടമാകുന്നത് ആർക്ക് ?

(A) സമൂഹ ഭാഷയ്ക്ക്

(B) സ്വയം പാഠമെന്ന സ്ഥലമായി മാറുന്ന ഭാഷയ്ക്ക്

(C) ജൈവ ബന്ധം നഷ്ടപ്പെട്ട പ്രകൃതിക്ക്

(D) പാഠത്തെയും സ്ഥലത്തെയും ഉൾ-ക്കൊള്ളുന്ന ഭാഷയ്ക്ക്

65. കൃതിയുടെ പാഠത്തെ സ്വയം സമ്പൂർണ്ണമായ സ്ഥലമായിക്കണ്ട് പാഠാധിഷ്ഠിതം മാത്രമായ പഠനങ്ങൾ നടത്തുന്നതാര് ?

(A) പരിസ്ഥിതി പ്രവർത്തകർ

(B) മനശ്ശാസ്ത്രജ്ഞർ

(C) ആശയം പ്രധാനമായി കരുതുന്നവർ

(D) ആശയ ലോകത്തുമാത്രം വിഹരിക്കു-ന്നവർ

താഴെ കൊടുത്തിരിക്കുന്ന കാവ്യഭാഗം വായിച്ച് 66 മുതൽ 70 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

പറയുവാനുണ്ടു പൊൻചെമ്പകം പൂത്ത
കരളു പണ്ടേ കരിഞ്ഞുപോയെങ്കിലും,
കറപിടിച്ചൊരെൻ ചുണ്ടിൽത്തുളുമ്പുവാൻ
കവിതപോലും വരണ്ടു പോയെങ്കിലും
ചിറകു നീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണൊരേകാന്തരോദനം
സ്മരണതൻ ദൂരസാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും.
കനകമൈലാഞ്ചിനീരിൽത്തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു ചുരന്നതും,
നെടിയ കണ്ണിലെക്കൃഷ്ണകാന്തങ്ങൾതൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും,
മറവിയിൽ മാഞ്ഞുപോയ നിൻ കുങ്കുമ-
ത്തരിപുരണ്ട ചിദംബരസന്ധ്യകൾ.

66. 'നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും'- ഈ വരികളിൽ പ്രകടമാകുന്ന ആശയം എന്ത് ?

(A) നോട്ടത്താൽ മനസ്സ് മടുത്തു

(B) സൂര്യപ്രകാശത്താൽ മരങ്ങൾ പൂത്തു

(C) നോട്ടത്താൽ മരച്ചില്ലകൾ പൂത്തു

(D) നോട്ടത്താൽ ഹൃദയം സന്തോഷ-ഭരിതമായി

67. 'പൊൻചെമ്പകം പൂത്ത കരൾ'-എന്ന പ്രയോഗത്തിന്റെ ആശയം ?

(A) പ്രണയാർദ്രമായ മനസ്സ്

(B) പ്രേമം നഷ്ടപ്പെട്ട മനസ്സ്

(C) രോഗാർദ്രമായ മനസ്സ്

(D) ചെമ്പകത്തെ സ്നേഹിച്ച മനസ്സ്

68. വരണ്ടുപോയതെന്താണ് ?

(A) കവിത

(B) കരൾ

(C) രോദനം

(D) സ്മരണ

69. ഹൃദയരേഖകൾ നീളുന്നതെന്തിന് ?

(A) ഏകാന്ത രോദനത്തിനായി

(B) ഓർമ്മകൾ തേടി

(C) എല്ലാം മറക്കുന്നതിനായി

(D) കവിത വായിക്കുന്നതിനായി

70. ഈ കാവ്യഭാഗത്ത് പ്രകടമാകുന്ന പ്രധാ ഭാവം എന്ത് ?

(A) സന്തോഷം

(B) അപകർഷത

(C) വിരഹം

(D) സംതൃപ്തി